LIBRARY ARCHIVES Kerala Legislative Assembly

ചികിത്സാ ധനസഹായം - പട്ടികജാതി വിഭാഗക്കാർക്ക്

273 (970) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച് വിതരണം ചെയ്യുമ്പോൾ പഞ്ചായത്ത്, താലൂക്ക് ഓഫീസുകൾ മുഖേന മറ്റ് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രംകൂടി സമർപ്പിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം ആവശ്യപ്പെടുന്ന സാക്ഷ്യപത്രങ്ങൾ യഥാസമയം മറ്റ് ഓഫീസുകളിൽനിന്നും ലഭിക്കാത്ത സാഹചര്യത്തിൽ അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായം തടഞ്ഞുവയ്ക്കുന്ന സാഹചര്യം പരിശോധിച്ച് പ്രസ്തുത നടപടി ഒഴിവാക്കുമോ ;

(സി) അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായം കാലതാമസം കൂടാതെ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായം അർഹരായ അപേക്ഷകർക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊടക്കാട് എം.ആർ.എസ്. ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ്

274 (971) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടും കൊടക്കാട് എംആർ.എസ്. ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;